**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **02-02-2023 - ൽ മറുപടിയ്ക്ക്**

**സംരംഭക വർഷം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ . പി . അനിൽ കുമാർ** | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** |

**(എ)** സംസ്ഥാനത്ത് സംരംഭക വർഷം പദ്ധതി പ്രകാരം പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

**(എ)** ഒരു ലക്ഷം സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (https://yearofenterprises.kerala.gov.in).കെൽട്രോണിന്റെ സാങ്കേതിക സഹായത്തോടെയാണ് ഈ പോർട്ടൽ വികസിപ്പിച്ചത്. ഒരു സംരംഭകനെ കണ്ടെത്തുന്നതു മുതൽ അദ്ദേഹത്തിനു നൽകുന്ന പരിശീലനങ്ങൾ, സംരംഭത്തിനുവേണ്ട വായ്പാ വിവരങ്ങൾ, അനുമതികൾ, പദ്ധതികളിലൂടെയുള്ള സഹായങ്ങൾ തുടങ്ങി പ്രസ്തുത സ്ഥാപനം തുടങ്ങുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളുടെ വിവരങ്ങളും സമഗ്രമായി ഈ പോർട്ടലിൽ ശേഖരിക്കുന്നുണ്ട്.

ഈ വിവരങ്ങൾ ക്രോഡീകരിച്ച് വിവിധ തലങ്ങളിലെ അവലോകനത്തിന് വേണ്ട വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ആരംഭിച്ച സംരംഭങ്ങളുടെ എണ്ണവും, നിക്ഷേപവും, തൊഴിൽ വിവരങ്ങളും മറ്റ് പ്രധാന റിപ്പോർട്ടുകളും പൊതുജനങ്ങൾക്കും തത്സമയം കാണത്തക്കവിധം പോർട്ടലിന്റെ ഹോം പേജിൽ നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പോർട്ടൽ മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നാളിതുവരെ എത്ര പുതിയ സംരഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

**(ബി)** 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം ജില്ലാ തലത്തിൽ തുടങ്ങിയ സംരംഭങ്ങളുടെ എണ്ണവും, നിക്ഷേപവും അതു വഴി ഉണ്ടായ തൊഴിലവസരങ്ങളുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| **ജില്ല** | **ലക്ഷ്യം** | **തുടങ്ങിയസംരംഭങ്ങളുടെ എണ്ണം** | **നേട്ടം (%)** | **നിക്ഷേപംകോടി രൂപയിൽ** | **തൊഴിലവസരങ്ങൾ** |
|---|---|---|---|---|---|
| തിരുവനന്തപുരം | 14902 | 12303 | 82.56 | 750.92 | 25848 |
| കൊല്ലം | 11775 | 11559 | 98.17 | 593.09 | 23495 |
| പത്തനംതിട്ട | 5408 | 4959 | 91.07 | 230.87 | 10356 |
| ആലപ്പുഴ | 9666 | 9770 | 101.08 | 516.51 | 20757 |
| കോട്ടയം | 8834 | 7343 | 83.12 | 410.05 | 15331 |
| ഇടുക്കി | 5007 | 3703 | 73.96 | 204.18 | 7620 |
| എറണാകുളം | 14610 | 12245 | 83.81 | 1040.79 | 29784 |
| തൃശ്ശൂർ | 13533 | 12991 | 95.99 | 699.57 | 27262 |
| പാലക്കാട് | 12721 | 11254 | 88.47 | 578.62 | 24578 |
| മലപ്പുറം | 18601 | 11355 | 61.05 | 776.34 | 36357 |
| കോഴിക്കോട് | 13925 | 11022 | 79.15 | 791.76 | 24336 |
| വയനാട് | 3687 | 3821 | 103.63 | 228.68 | 7979 |
| കണ്ണൂർ | 11366 | 11199 | 98.53 | 667.11 | 22766 |
| കാസർഗോഡ് | 5965 | 3690 | 61.86 | 222.36 | 7462 |
| **ആകെ** | **150000** | **127214** | **84.81** | **7710.85** | **273931** |

**(സി)** നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംരഭങ്ങൾ ലൈസൻസ് പുതുക്കുന്നതിന്റെ ഭാഗമായി കെ-സിഫ്റ്റ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യേണ്ട സാഹചര്യമുണ്ടോ; എങ്കിൽ ഇപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സംരംഭങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ;

**(സി)** പുതുതായി ആരംഭിക്കുന്ന സംരംഭങ്ങൾക്കുള്ള ലൈസൻസ് മാത്രമല്ല, നിലവിൽ പ്രവർത്തിച്ചുവരുന്ന സംരംഭങ്ങളുടെ ലൈസൻസ് പുതുക്കലും കെ-സ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ സാധ്യമാകും. ഇതിനായി ഈ സംരംഭങ്ങൾ കെ-സ്വിഫ്റ്റ് പോർട്ടലിൽ റജിസ്റ്റർ ചെയ്യുകയും, ലൈസൻസ് പുതുക്കുന്നതിനുവേണ്ട ഫീസ് ഓൺലൈൻ ആയി തന്നെ അടക്കേണ്ടതുമാണ്. ഇപ്രകാരം ഒരു തവണ റജിസ്റ്റർ ചെയ്ത് ലൈസൻസ് പുതുക്കിയ സംരംഭങ്ങളുടെ പിന്നീടങ്ങോട്ടുള്ള ലൈസൻസ് പുതുക്കലിന് വീണ്ടും റജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല; നിശ്ചിത ഫീസ് മാത്രം ഒടുക്കിയാൽ മതിയാകുന്നതാണ്.

കഴിഞ്ഞ സാമ്പത്തിക വർഷം 102 സംരംഭങ്ങൾ ഇപ്രകാരം ലൈസൻസ് പുതുക്കുന്നതിനായി കെ-സ്വിഫ്റ്റിൽ റജിസ്റ്റർ ചെയ്യുകയുണ്ടായി. ഇവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ കൊടുക്കുന്നു;

| **നം.** | **ജില്ല** | **ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണം** |
|---|---|---|
| 1. | തിരുവനന്തപുരം | 17 |
| 2. | കൊല്ലം | 2 |

| | | |
|---|---|---|
| 3. | പത്തനംതിട്ട | 5 |
| 4. | ആലപ്പുഴ | 1 |
| 5. | കോട്ടയം | 1 |
| 6. | ഇടുക്കി | 1 |
| 7. | എറണാകുളം | 8 |
| 8. | തൃശ്ശൂർ | 10 |
| 9. | പാലക്കാട് | 3 |
| 10. | മലപ്പുറം | 3 |
| 11. | കോഴിക്കോട് | 22 |
| 12. | വയനാട് | 2 |
| 13. | കണ്ണൂർ | 26 |
| 14. | കാസർഗോഡ് | 1 |
| | **മൊത്തം** | **102** |

| | | | |
|---|---|---|---|
| (ഡി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 4% പലിശയ്ക്ക് 10 ലക്ഷം രൂപ വായ്പ നൽകുന്ന പദ്ധതി മുഖേന കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഡി) | ഒരു കുടുംബം ഒരു സംരംഭം പദ്ധതിയ്ക്ക് 2022-23-ലെ ബഡ്ജറ്റിൽ 2851-00-102-07(04) എന്ന ശീർഷകത്തിൽ 700 ലക്ഷം രൂപ വകയിരുത്തുകയും 22/11/2022-ലെ G.O(Rt)No.1232/2022/ID നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 400 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവ് നൽകുന്നതിനാണ് "ഒരു കുടുംബം ഒരു സംരംഭം" പദ്ധതി വഴി വിഭാവനം ചെയ്യുന്നത്. പദ്ധതിയിൽ ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി സർക്കാർ നൽകുന്നു. ലോൺ വിതരണം ചെയ്ത തീയതി മുതൽ 5 വർഷം വരെ പദ്ധതിപ്രകാരം പലിശ സബ്സിഡി ആനുകൂല്യം ലഭിക്കുന്നു. 6 മാസം/12 മാസക്കാലയളവിലുള്ള ബാങ്ക് ലോണിന്റെ പലിശയിളവിനാണ് അപേക്ഷകന് ഓരോ തവണയും അപേക്ഷിക്കുവാൻ കഴിയുക. ഇപ്രകാരമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിന് ഓൺലൈൻ പ്ലാറ്റ്ഫോം തയാറാക്കിയിട്ടുള്ളതും (http://ofoe.industry.kerala.gov.in) ആയതുപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പ്രോസസ്സ് ചെയ്തു ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വികരിച്ചു വരികയുമാണ്. പദ്ധതി പ്രകാരം നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഇ) | ശരാശരി എത്ര തൊഴിൽ സൃഷ്ടിക്കാൻ സാധിക്കുന്ന സംരംഭങ്ങൾക്കാണ് സംരംഭക വർഷം പദ്ധതിയിലൂടെ അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ; ഒരു ലക്ഷം പുതിയ സംരംഭങ്ങൾ നടപ്പ് സാമ്പത്തിക വർഷം സൃഷ്ടിച്ചതായി അവകാശപ്പെടുമ്പോഴും തൊഴിലവസരങ്ങൾ 2 ലക്ഷം മാത്രമായി ചുരുങ്ങിയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഇ) | 2023 ജനുവരി 30 വരെയുള്ള കണക്ക് പ്രകാരം സംരംഭക വർഷം പദ്ധതിയിലൂടെ ആരംഭിച്ചിട്ടുള്ള 1,27,214 സംരംഭങ്ങളിലൂടെ 2,73,931 തൊഴിലുകൾ സംസ്ഥാനത്ത് പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഈ സംരംഭങ്ങളുടെ ശരാശരി തൊഴിലവസര സാധ്യത 2.15 ആണ്. പ്രസ്തുത സംരംഭങ്ങളിൽ കൂടുതലും 10 ലക്ഷം രൂപയിൽ താഴെ മുതൽ മുടക്കുള്ള സൂക്ഷ്മ സംരംഭങ്ങൾ ആയതിനാലാണ് ശരാശരി തൊഴിൽ അവസരങ്ങൾ കുറയാൻ കാരണം.<br><br>കൂടാതെ, മിക്ക പുതിയ സംരംഭങ്ങളും തുടങ്ങിയിരിക്കുന്നത് പുതുതലമുറ സംരംഭകർ ആണ്. പരിചയസമ്പന്നരായ സംരംഭകരെ അപേക്ഷിച്ച് ഇത്തരം സംരംഭകർ ബിസിനസ്സിന്റെ പ്രാരംഭ ഘട്ടത്തിൽ നിക്ഷേപവും തൊഴിലവസരങ്ങളുടെ എണ്ണവും താഴ്ന്ന തലത്തിൽ നിലനിർത്താൻ ശ്രമിക്കും. വ്യവസായം വളരുന്നതിന് അനുസൃതമായി ആണ് കൂടുതൽ നിക്ഷേപവും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുക. |
| (എഫ്) | ലൈസൻസ് പുതുക്കുവാൻ അപേക്ഷ നൽകിയ സംരംഭങ്ങളെ ഒഴിവാക്കി കൃത്യമായ കണക്ക് പ്രസിദ്ധീകരിക്കുമോ; വിശദാംശം നൽകുമോ? | (എഫ്) | 2022 ഏപ്രിൽ 01 മുതൽ സംസ്ഥാനത്ത് ആരംഭിച്ച പുതിയ സംരംഭങ്ങളുടെ വിവരങ്ങളാണ് സംരംഭകവർഷം പോർട്ടലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് പുതുക്കുവാൻ അപേക്ഷ നൽകിയ സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ സംരംഭകവർഷം പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ